LIBRARY ARCHIVES Kerala Legislative Assembly

വിള ഇൻഷ്വറൻസ് പദ്ധതി

6 (*96) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലെ കർഷകരുടെ പങ്കാളിത്തം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായാണ് കണ്ടിട്ടുള്ളത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുന്നത് കൃഷി ഭവനുകൾ വഴിയാണ്. പദ്ധതിയിൽ കർഷകരെ ചേർക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതി പുരോഗതി എല്ലാ മാസവും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്)മാരും പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും അവലോകനം ചെയ്ത് വിലയിരുത്തുന്നു. സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (CP)ഉം കൃഷി ഡയറക്ടറും കർഷകരുടെ പങ്കാളിത്തം, ഫണ്ടിന്റെ വിനിയോഗം തുടങ്ങിയവ സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നു. കൂടാതെ ഓരോ വർഷവും വിള ഇൻഷ്വറൻസ് പദ്ധതിയുടെ നേട്ടങ്ങൾ കർഷകരിൽ എത്തിച്ച് കൂടുതൽ കർഷകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ജൂലൈ ഒന്നാം തീയതി വിള ഇൻഷ്വറൻസ് ദിനവും തുടർന്ന് വിള ഇൻഷ്വറൻസ് പക്ഷാചരണവും നടത്താറുണ്ട്. 2015-16 മുതലുള്ള അംഗത്വത്തിന്റെയും പ്രീമിയം ശേഖരണത്തിന്റെയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നഷ്ടപരിഹാര തുക അപര്യാപ്തമായതിനാൽ കൂടുതൽ കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാകാൻ വിമുഖത കാണിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇല്ല. 1995 ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചപ്പോൾ 25 വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിരുന്നത്. തുടർന്ന് 22-3-2017-ലെ ജി.ഒ.(എം.എസ്)നമ്പർ 37/2017/കൃഷി പ്രകാരമാണ് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് പദ്ധതി പുനരാവിഷ്കരിച്ച് ഉത്തരവായത്. പരിഷ്കരിച്ച നഷ്ടപരിഹാരത്തുക കർഷകർക്ക് സംഭവിച്ച നാശം നികത്തുന്നതിന് പര്യാപ്തമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രളയംമൂലം കാർഷിക വിളകൾക്കുണ്ടായ കനത്ത നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. 1995-ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചപ്പോൾ 25 വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിരുന്നത്. 22-3-2017-ലെ സ.ഉ.(എം.എസ്) നമ്പർ 37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഗണ്യമായ വർദ്ധനവ് നഷ്ടപരിഹാര ത്തുകയിൽ വരുത്തി നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പൂകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. 13.12.2017-ലെ സ.ഉ.(കൈ) നമ്പർ 1192/2017/കൃഷി പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കുവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകളെയും വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ പുതിയതായി കൊണ്ടുവന്ന് നഷ്ടപരിഹാരം നൽകിവരുന്നു. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവ കൂടി വിള ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണനയിലാണ്.

(ഡി) കൂടുതൽ വിളകളെ ഉൾപ്പെടുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും വിള ഇൻഷ്വറൻസ് പദ്ധതി ആകർഷകമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

22-3-2017-ലെ സ.ഉ.(എം.എസ്) നമ്പർ 37/2017/കൃഷി, 13-12-2017- ലെ സ.ഉ.(കൈ)1192/2017/കൃഷി ഉത്തരവുകൾ പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഗണ്യമായ വർദ്ധനവ് നഷ്ടപരിഹാര ത്തുകയിൽ വരുത്തി നടപ്പിലാക്കിവരികയാണ്. ഈ പദ്ധതിപ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്കാണ് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പൂകയില, നെല്ല്, മാവ്,

LIBRARY ARCHIVES Kerala Legislative Assembly

ചെറു ധാന്യങ്ങൾ (കുവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകിവരുന്നത്. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവ കൂടി ഉൾപ്പെടുത്തുന്നതിനുള്ള വിഷയം പരിഗണനയിലാണ്. ആയതു പൂർത്തിയാകുന്നതോടെ വിള ഇൻഷ്വറൻസ് പദ്ധതി കൂടുതൽ ആകർഷകമാകുന്നതാണ്.

കർഷക താല്പര്യം സംരക്ഷിക്കാൻ നടപടി

7 (*97) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ പട്ടയ ഭൂമിയിൽനിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുമതി ആവശ്യപ്പെട്ട് കൃഷി വകുപ്പിന് ഏതെങ്കിലും കർഷക സംഘടനയോ കർഷകരോ നിവേദനം നൽകിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കർഷകരുടെ പട്ടയ ഭൂമിയിൽനിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ കർഷകർ അനുമതി ആവശ്യപ്പെടുന്ന വിവരം കർഷക സംഘടനകൾ കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് 2020 ഒക്ടോബർ 24-ന് റവന്യൂ വകുപ്പ് ഉത്തരവ് പുറത്തിറക്കുന്നതിനുമുമ്പ് കൃഷി വകുപ്പുമായി റവന്യൂ വകുപ്പ് ആശയവിനിമയം നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

(സി) പ്രസ്തുത ഉത്തരവ് പ്രകാരം മരം മുറിച്ച ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്കെതിരെ കേസ് എടുക്കാൻ വനം വകുപ്പ് നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ കൃഷി വകുപ്പ് എന്തൊക്കെ ഇടപെടലാണ് നടത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.